# കേരള സർക്കാർ

## സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് - ഡോ.എ.നീസ, അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ - പ്രൊബേഷൻ (പരിവീക്ഷാക്കാലം) പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) **നം./1354/2017/തൊഴിൽ** തീയതി,തിരുവനന്തപുരം, 16/10/2017

---

പരാമർശം:- 1) 05.07.2014ലെസ.ഉ(സാധാ) നം.891/2014/ തൊഴിൽ

2 ) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 10.08.2017 ലെ ജിഇ6/ഇ/എൻ - 169/4164 നമ്പർ കത്ത്.

3) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ19.09.2017ലെഇ1-14926/2017ഡി.ഐ.എം.എസ് നമ്പർ കത്ത്.

## ഉത്തരവ്

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് പരാമർശം 1 ലെ ഉത്തരവ് പ്രകാരം പ്രമോഷൻ ലഭിച്ചതിനെ തുടർന്ന് ഡോ.എ.നീസ 05.07.2014 ൽ ടി തസ്തികയിൽ ചാർജ്ജെടുത്തു. ടി വ്യക്തിയുടെ 6 മാസത്തെ പ്രൊബേഷൻ കാലയളവ് 04.01.2015 ൽ പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ ടി വ്യക്തി ടി കാലയളവിൽ 04.11.2014 മുതൽ 29.11.2014 വരെ 2 6 ദിവസത്തെ ആർജ്ജിതാവധി എടുത്തിട്ടുണ്ടെന്ന് പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആയതിനാൽ ഡോ. ഡോ.എ.നീസയുടെ പ്രൊബേഷൻ കാലം 30.01.2015 വരെ നീണ്ടു പോയിട്ടുണ്ട്. പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ജോലിനോക്കുന്ന ടി വ്യക്തിക്കെതിരായി അച്ചടക്ക നടപടികൾ നിലവിലില്ലായെന്നും ഓഫീസ് ജോലികൾ കൃത്യനിഷ്ഠയോടുകൂടി നിർവഹിക്കുന്ന വ്യക്തിയാണെന്നും

ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് മികച്ച സേവനം നൽകുന്നുണ്ടെന്നും അതിനാൽ ഡോ.എ.നീസയുടെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലെ പരിവീക്ഷാക്കാലം 31.01.2015 പൂർവാഹ്നം പ്രാബല്യത്തിൽ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 3 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2)സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.എ.നീസ 31.01.2015 പൂർവാഹ്നം പ്രാബല്യത്തിൽ ടി തസ്തികയിലെ പ്രൊബേഷൻ (പരിവീക്ഷാക്കാലം) വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സരളമ്മ എസ്**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്, തിരുവനന്തപുരം.
ഡോ. എ. നീസ, ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ. എസ്. ഐ ആശുപത്രി, പേരൂർക്കട (ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ),(ഓഡിറ്റ്),(ഡി,ബി സെൽ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

Endt.on No. E1- 14926/2017/DIMS Dated : 02/11/2017

Copy of Government Order communicated for information and further action.

for Director of Insurance Medical Services

To

1. The Accountant General, Kerala, Thiruvananthapuram.
2. The Regional Deputy Director, Insurance Medical Services, South Zone, Kollam.
3. The Superintendent, ESI Hospital, Peroorkada.
4. Dr.Neaza. A, Insurance Medical Officer, ESI Hospital, Peroorkaa.
5. File/Stock File/Website.

An/03.11